STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010

0471 2318188
info.pol@kerala.gov.in
statepolicemediacentre

No.294/PR/SPMC/PHQ/2021 Date :11.07.2021

**മാനസിക സംഘർഷം കുറയ്ക്കാൻ**

**പോലീസുകാർക്ക് ഹാറ്റ്സിലേക്ക് വിളിക്കാം**

ജോലിസംബന്ധമായും വ്യക്തിപരമായും പോലീസുകാർക്കുണ്ടാകുന്ന മാനസിക സംഘർഷം ലഘൂകരിക്കുന്നതിന് ഹാറ്റ്സ് (ഹെൽപ് ആന്റ് അസിസ്റ്റൻസ് റ്റു ടാക്കിൾ സ്ട്രെസ്സ്) ലേക്ക് വിളിക്കാം. 9495363896 എന്ന നമ്പരാണ് ഇതിനായി നൽകിയിരിക്കുന്നത്.

മാനസിക സമ്മർദ്ദം അനുഭവിക്കുന്ന പോലീസ് ഉദ്യോഗസ്ഥരെ കണ്ടെത്തി കൗൺസലിംഗ് നൽകുന്നതിന് തിരുവനന്തപുരത്ത് എസ്.എ.പി ക്യാമ്പിൽ 2019 ൽ ആവിഷ്ക്കരിച്ച പ്രത്യേക പദ്ധതിയാണ് ഹാറ്റ്സ്.

കൗൺസലിംഗ് കാലയളവ് ഔദ്യോഗിക ജോലിയായി പരിഗണിക്കാനും അർഹമായ യാത്രാബത്ത, ദിനബത്ത എന്നിവ നൽകാനും നിർദ്ദേശമുണ്ട്. വിദഗ്ദ്ധരായ മന:ശാസ്ത്രജ്ഞരുടേയും കൗൺസലർമാരുടെയും സേവനം ഇവിടെ ലഭ്യമാക്കിയിട്ടുണ്ട്.

************************************